"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിലെ മുനമ്പം പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1123/2024/PWD തിരുവനന്തപുരം, തീയതി 06-11-2024

---

പരാമർശം:- 1. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 25.06.2024 തീയതിയിലെ CEPWD/11277/2023-AB4-BR നമ്പർ കത്ത്

2 AS/PWD/24/38834

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിലെ മുനമ്പം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് 1770 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി 5054-04-101-99-MDR എന്ന ശീർഷകത്തിൽ നൽകണമെന്ന് പരാമർശം (1) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2) മുനമ്പം പാലം നിർമ്മാണം അത്യാവശ്യ പ്രവൃത്തി ആയതിനാൽ ഉദുമ നിയോജക മണ്ഡലത്തിൽ 20% തുക വകയിരുത്തിയ 2024-25 വർക്ക് ബജറ്റിലുള്ള ഉദുമ-മല്ലശ്ശേരി റോഡിന്റെ 5 കോടി രൂപ കൂടി ഉദുമ പാലം പ്രവൃത്തിയ്ക്കായി മാറ്റി അനുവദിച്ച് മുനമ്പം പാലം പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകണമെന്ന് ബഹു.ഉദുമ എം .എൽ .എ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉദുമ നിയോജക മണ്ഡലത്തിലെ മുനമ്പം പാലം നിർമ്മാണത്തിനായുള്ള 20% വർക്ക് ബഡ്ജറ്റ് പ്രൊവിഷൻ (Sl No 1512 in WB for Rs 10 crore of 2023-24), ഉദുമ-മല്ലച്ചേരി റോഡിന്റെ വർക്ക് ബജറ്റിലുള്ള 20% പ്രൊവിഷൻ (Sl No 2464 in 2024-25 for Rs 5 crore) എന്നിവ ഒരുമിച്ച് ചേർത്ത് ഉദുമ പാലം നിർമ്മാണത്തിനായി 1770 ലക്ഷം രൂപയുടെ ഭരണാനുമതി 5054-04-101-99-MDR എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ),കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (No.I&PW-B1/17/2024-Fin (E 2690478) )
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി

കരുതൽ ഫയൽ-D1/341/2024/PWD

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 06-11-2024 15:57:36

സെക്ഷൻ ഓഫീസർ

പകർപ്പ്- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി എസ്.ന്.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി എയ്ക്ക്.